2024
JANUARY
04
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



ഫോട്ടോ: എ എസ് സതീഷ്

## വികസന വാഗ്ദാനവുമായി പ്രധാനമന്ത്രി

# മോദി ഗ്യാരന്റി



**തൃശൂർ:** തേക്കിൻകാട് മൈതാനത്ത് തിങ്ങിനിറഞ്ഞ പതിനായിരങ്ങളെ സാക്ഷിനിർത്തി ഭാരതത്തിന്റെയും കേരളത്തിന്റെയും വികസനത്തിന് ' മോദി ഗാരന്റി ' വാഗ്ദാനവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി.ബി.ജെ.പിയുടെ നോതൃത്വത്തിൽ സംഘടിപ്പിച്ച സ്ത്രീശക്തി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ഇടതു,വലതുമുന്നണികളെയും ദേശീയതലത്തിലുള്ള പ്രതിപക്ഷത്തിന്റെ ഇന്ത്യാസഖ്യത്തെയും കടന്നാക്രമിച്ചും കേന്ദ്ര സർക്കാർ നടപ്പാക്കിയ 'മോദിയുടെ ഗ്യാരണ്ടികൾ' എണ്ണി പറഞ്ഞുമായിരുന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി ആവേശം സൃഷ്ടിച്ചത്.സ്ത്രീശക്തിയുടെ വികനസനമാണ് രാജ്യത്തിന്റെ വികസനമെന്നും പ്രധാനമന്ത്രി പറഞ്ഞു.ദരിദ്രർ,കർഷകർ,യുവാക്കൾ,വനിതകൾ എന്നിങ്ങനെ നാലു വിഭാഗങ്ങളുടെ വികസനമാണ് രാജ്യപുരോഗതിയുടെ അടിസ്ഥാനമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. ഈ നാലു വിഭാഗങ്ങൾക്കും സഹായം ലഭ്യമാക്കാൻ സർക്കാർ പരിശ്രമിക്കുകയാണ്. ഇടത്, കോൺഗ്രസ് ഭരണ കാലത്ത് ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരുന്നില്ലെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. മോദിയുടെ ഗ്യാരണ്ടി എന്ന് മലയാളത്തിൽ പറഞ്ഞുകൊണ്ടാണ് വിവിധ പദ്ധതികളെക്കുറിച്ചുള്ള പരാമർശിച്ചത്. 10 വർഷക്കാലത്തിനിടെ സ്ത്രീകളുടെ ജീവിത സുരക്ഷിതമാക്കാൻ നിരവധി പദ്ധതികൾ നടപ്പാക്കി. 10 കോടി ഉജ്ജ്വല ഗ്യാസ് മോദിയുടെ ഗ്യാരണ്ടിയാണ്. 12 കോടി കുടുംബങ്ങൾക്ക് ശൗചാലയം മോദിയുടെ ഗ്യാരണ്ടിയാണ്. സൈനിക സ്കൂളുകളിൽ പെൺകുട്ടികൾക്ക് സംവരണം, നിയമ പാർലമെന്റുകളിൽ വനിതാ സംവണവും മോദിയുടെ ഗ്യാരണ്ടിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.അഴിമതിയിലും അക്രമത്തിലും കുടുംബവാഴ്ചയിലും ഇടത്,കോൺഗ്രസ് മുന്നണികൾക്ക് ഒരേ മനസാണ്.കേരളത്തിൽ ഏറെക്കാലമായി ഇടത് വലത് മുന്നണികൾ വഞ്ചനയുടെ നാടകം കളിക്കുകയാണ്. രണ്ടു പേരും അഴിമതിയും കുടുംബവാഴ്ചയും ഒരുമിച്ച് നടപ്പാക്കുന്നു. സംസ്ഥാനങ്ങളുടെ അടിസ്ഥാന വികസനത്തിന് കേന്ദ്രം നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾക്ക് കോൺഗ്രസ്,ഇടതു സഖ്യം എതിരുനിൽക്കുകയാണ്.വികസനത്തിന് നൽകുന്ന ഫണ്ടിന്റെ കണക്ക് ചോദിക്കാൻ പാടില്ലെന്നാണ് ഇവരുടെ നിലപാട്.സ്വർണ്ണക്കടത്ത് പോലുള്ള കാര്യൾ ഏത് ഓഫിസ് കേന്ദ്രീകരിച്ചാണ് നടന്നതെന്ന് എല്ലാവർക്കുമറിയാമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ക്ഷേത്രങ്ങളെയും ഉൽസവങ്ങളെയും പോലും സാമ്പത്തിക ലാഭത്തിനായി ഇവർ തകർക്കുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ശബരിമലയിലെ ദുരവസ്ഥയ്ക്ക് കാരണം സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടാണെന്നും പ്രധാനമന്ത്രി വിമർശിച്ചു.എല്ലാ മതവിശ്വാസങ്ങളെയും ആദരവോടെയാണ് കേന്ദ്രസർക്കാർ നോക്കിക്കാണുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. കേന്ദ്രമന്ത്രി വി.മുരളീധരൻ, കേരളത്തിന്റെ ചുമതലയുള്ള പ്രകാശ് ജാവ്ദേക്കർ,രാധാമോഹൻദാസ് അഗർവാൾ, പി.ടി ഉഷ എം.പി, കുമ്മനം രാജശേഖരൻ,പി,കെ കൃഷ്ണദാസ്, ശോഭസുരേന്ദ്രൻ,സുരേഷ് ഗോപി,നടി ശോഭന,മിന്നുമണി,ബീന കണ്ണൻ,വൈക്കം വിജയലക്ഷ്മി,മറിയക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു.

## കൗമാര കലാമാമങ്കത്തിന് ഇന്ന് കൊല്ലത്ത് തിരി തെളിയും

**കൊല്ലം:** സംസ്ഥാന സ്കൂൾ കലോത്സവംത്തിന് ഇന്ന് കൊല്ലത്ത് തിരി തെളിയും.ആശ്രാമം മൈതാനത്ത് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനാകും. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ രാജൻ , ക്ഷീരവികസന മൃഗസംരക്ഷണ ജെ ചിഞ്ചുറാണി, കെ ബി ഗണേഷ് കുമാർ, പി എ മുഹമ്മദ് റിയാസ്, സിനിമാനടി നിഖില വിമൽ തുടങ്ങിയവരാണ് മുഖ്യാതിഥികൾ.കലോൽസവത്തിന് മുന്നോടിയായി രാവിലെ ഒൻപതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ് പതാക ഉയർത്തും. തുടർന്ന് ഗോത്ര കലാവിഷ്കാരവും ഭിന്നശേഷികുട്ടികളുടെ കലാവിരുന്ന്, സിനിമാനടി ആശാ ശരത്തും സ്കൂൾ വിദ്യാർഥികളും അവതരിപ്പിക്കുന്ന സ്വാഗതഗാനത്തിന്റെ ദൃശ്യാവിഷ്കാരവും. സ്വാഗതഗാനരചന, നൃത്താവിഷ്കാരം, ലോഗോ, കൊടിമരം എന്നിവ തയ്യാറാക്കിയവരെ ആദരിക്കും.ജനുവരി എട്ടിന് വൈകിട്ട് അഞ്ച് മണിക്ക് കലാമേള സമാപിക്കും. ഉദ്ഘാടനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ നിർവഹിക്കും. ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനാകും. സിനിമാതാരം മമ്മൂട്ടിയാണ് മുഖ്യാതിഥി.



## തൃക്കാരിയൂർ ഹെൽത്ത് സബ് സെന്റർ യാഥാർത്ഥ്യമാകുന്നു



**കൊച്ചി:** തൃക്കാരിയൂരിൽ പുതിയ ഹെൽത്ത് സബ് സെന്റർ യാഥാർത്ഥ്യമാവുകയാണ്. സബ് സെന്ററിന്റെ അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 18 ലക്ഷം രൂപ അനുവദിച്ചു. തൃക്കാരിയൂർ, ആയക്കാട് ജംഗ്ഷന് സമീപത്ത് പരിമിതമായ സാഹചര്യത്തിലായിരുന്നു സബ് സെന്ററിന്റെ പ്രവർത്തനം.

തൃക്കാരിയൂർ പ്രദേശത്തെയും കോട്ടപ്പടി, പിമന പഞ്ചായത്തുകളിലെ അതിർത്തി മേഖലയിലെയും ജനങ്ങൾ ആശ്രയിക്കുന്നത് തൃക്കാരിയൂർ ഹെൽത്ത് സബ് സെന്ററിനെയാണ്. എന്നാൽ ദിവസേന നിരവധിപ്പേർ ആശ്രയിക്കുന്ന ഈ കേന്ദ്രത്തിൽ പരിമിതമായ സൗകര്യങ്ങൾ ആണ് ഉായിരുന്നത്. തുടർന്നാണ് കാലപ്പഴക്കം ചെന്ന കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമിക്കാൻ തീരുമാനമായത്.ഇതിനായി 2019 ൽ ആന്റണി ജോൺ എം.എൽ.എ ആസ്തി വികസന ഫിൽ നിന്നും 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം ഇതിനോടകം പൂർത്തിയായി. ഇനി അവസാനഘട്ട ജോലികളാണ് പൂർത്തിയാക്കാനുള്ളത്. ഈ ജോലികൾ പൂർത്തീകരിച്ച് സബ് സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിനാണ് എം.എൽ.എ ഫിൽ നിന്നും 18 ലക്ഷം രൂപ കൂടി ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. ടെൻഡർ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് സബ് സെന്റർ നിർമ്മാണം പരമാവധി വേഗത്തിൽ പൂർത്തീകരിക്കുമെന്ന് ആന്റണി ജോൺ എം.എൽ.എ പറഞ്ഞു.

## കാഴ്ച പരിമിത വനിതകളുടെ ദേശീയ ടി20: കേരള ടീമിനെ പ്രഖ്യാപിച്ചു

**കൊച്ചി:** ഈ മാസം എട്ടുമുതൽ 12വരെ ഹൂബ്ലിയിൽ നടക്കുന്ന കാഴ്ച പരിമിതരായ വനിതകളുടെ ദേശീയ ടി20 ക്രിക്കറ്റ് ടൂർണ്ണമെന്റിനുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. കെ സാന്ദ്ര ഡേവിസ് ക്യാപ്റ്റനായി 14 അംഗ ടീമാണ് കേരളത്തെ പ്രതിനിധാനം ചെയ്യുന്നത്.മറ്റു ടീമംഗങ്ങൾ: ജോമോൾ കെ പോൾ, ടി വി അതുല്യ, സി പി പ്രജിത, വിനയ ബിജു, അദ്വൈത സന്തോഷ്, കെ എസ് ഹരിശ്രീ, ഒ എം നാദിയ, റീജ ലൂക്കോസ്, ശ്രുതിമോൾ ഷൈജു, തനൂജ സി ജോർജ്, എ പി അനി, ജിഷാമോൾ, കെ ജെംഷീല.നാലുഗ്രൂപ്പുകളിലായി 16 ടീമുകളാണ് ടൂർണമെന്റിന്റെ നാലാംപതിപ്പിൽ മത്സരിക്കുന്നത്. കേരളം ഉൾപ്പെടുന്ന സി ഗ്രൂപ്പിൽ ഡൽഹി, തമിഴ്നാട്, പശ്ചിമ ബംഗാൾ ടീമുകളുമു്.യു എസ് ടിയുടെയും സിന്തൈറ്റ് ഗ്രൂപ്പിന്റെയും പിന്തുണയോടുകൂടിയാണ് കേരള ടീമിന്റെ പരിശീലനങ്ങൾ നടക്കുന്നത്.

## ഗ്രാമീണ ആരോഗ്യപരിചരണത്തിന് രണ്ടു കോടി

**കൊച്ചി:** യുഎസ്എഐഡിയുടെ പിന്തുണയുള്ള ആരോഗ്യ പരിചരണ സാമ്പത്തിക സംവിധാനമായ സമൃദ്ധ് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമീണ മേഖലകളിൽ തീവ്ര പരിചരണ യൂണിറ്റുകൾ (ഐ സി യു) സ്ഥാപിക്കുന്നതിന് സേവന ദാതാക്കളായ സി ഐ പി എ സി എ(സിപാക്ക)യ്ക്കു രു കോടി രൂപ അനുവദിച്ചു. റിക്കവറബിൾ ഗ്രാന്റ് എന്ന നിലയ്ക്കാണ് ഐപിഇ ഗ്ലോബലിന്റെ പദ്ധതിയായ ' സമൃദ്ധ്' ഫ് നൽകിയത്. ഇതോടെ നിശ്ചിത പ്രാദേശിക ആശുപത്രികൾ തീവ്ര പരിചരണത്തിൽ സ്വയം പര്യാപ്തത നേടും.നിലവിൽ പത്തിലേറെ സംസ്ഥാനങ്ങളിൽ സി പാക്ക ഐ സി യു ഉൾപ്പെടെ മെച്ചപ്പെട്ട ആരോഗ്യ സേവന സംവിധാനങ്ങൾ ഒരുക്കിയിട്ടു്. ഗ്രാമീണ ജനതയ്ക്ക് മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ സേവനങ്ങൾ എത്തിക്കാൻ യുഎസ്എയ്ഡ് പിന്തുണയുള്ള ' സമൃദ്ധി' ന്റെ സഹകരണം വഴിയൊരുക്കുമെന്ന് സിപാക്ക എംഡി ഡോ. രാജ അമർനാഥ് പറഞ്ഞു. സിപാക്കയുമായുള്ള പങ്കാളിത്ത സഹകരണം ഗ്രാമങ്ങളിൽ ആരോഗ്യ പരിപാലനത്തിന്റെ പുതിയൊരു ക്ഷേമ കാലത്തിന് തുടക്കമിടുമെന്ന് സമൃദ്ധ് പ്രോജക്ട് ഡയറക്ടറും ഐപിഇ ഗ്ലോബൽ ചീഫ് സ്ട്രാറ്റജി ആൻഡ് ഡൈവേഴ്സിഫിക്കേഷൻ ഓഫീസറുമായ ഹിമാംശു സിക്കയും അഭിപ്രായപ്പെട്ടു.

# കേന്ദ്ര ഗവൺമെൻറ് പദ്ധതികൾ രാജ്യത്തെ പാവങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ടുള്ളത്



**തൃശൂർ :** കേന്ദ്ര ഗവൺമെന്ററിന്റെ വികസന പദ്ധതികൾ രാജ്യത്തെ പാവങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ടുള്ളതാണെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ എ.പി അബ്ദുല്ലക്കുട്ടി. കേന്ദ്ര ഗവൺമെന്റിന്റെ വികസനക്ഷേമ പദ്ധതികളെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ ഉദ്ദേശിച്ച് സംഘടിപ്പിക്കുന്ന വികസിത് ഭാരത് സങ്കല്പ യാത്രയുടെ ഭാഗമായി കൊരട്ടി ഗ്രാമപഞ്ചായത്തിലെ മധുര കോട്ട്സിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗവൺമെൻറ് വിഭാവനം ചെയ്തു നടപ്പിലാക്കുന്ന പദ്ധതികൾ പലപ്പോഴും ഫലപ്രദമായി ജനങ്ങളിൽ എത്തുന്നില്ല എന്നും ഈ വിടവ് പരിഹരിച്ച് പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിൽ എത്തിക്കാനാണ് വികസിത് ഭാരത് യാത്ര സംഘടിപ്പിച്ചിട്ടുള്ളത് എന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ പാവപ്പെട്ടവർ, വനിതകൾ, കർഷകർ എന്നിവരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരാൻ മോഡി ഗവൺമെന്റിന് സാധിച്ചു എന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ പഞ്ചായത്ത് അംഗം സത്യപാലൻ അധ്യക്ഷൻ ആയിരുന്നു. ജില്ലാ ലീഡ് ബാങ്ക് മാനേജർ മോഹനചന്ദ്രൻ , കനറാ ബാങ്ക് എ ജിഎം രാജേഷ്, കനറാ ബാങ്ക് ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം ഡയറക്ടർ കൃഷ്ണ മോഹൻ , നബാർഡ് ഡിഡിഎം സെബിൻ ആൻറണി, വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ സംസാരിച്ചു. വിവിധ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് അനുവദിക്കപ്പെട്ട വായ്പാ അനുമതിപത്രങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു. ഉജ്ജ്വല യോജന കീഴിൽ സൗജന്യ ഗ്യാസ് കണക്ഷനുകൾ വിതരണം ചെയ്തു. പരിപാടിയുടെ ഭാഗമായി സമീപത്തെ പാടശേഖരത്ത് ഡ്രോൺ ഉപയോഗിച്ച് വളപ്രയോഗം നടത്തുന്നത് പ്രദർശിപ്പിച്ചു.

# ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്: പ്രത്യേക ക്യാമ്പയിൻ 10 മുതൽ

ആലപ്പുഴ : ഭിന്നശേഷിക്കാർക്ക് സർക്കാർ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഒരു കാർഡ് വഴി ലഭ്യമാക്കുന്നതിന് വേണ്ടി നൽകുന്ന ഏകീകൃത തിരിച്ചറിയൽ കാർഡ് (യു ഡി ഐ ഡി കാർഡ്) ജില്ലയിലെ അർഹരായ എല്ലാവരിലും എത്തിക്കുന്നതിന് ജനുവരി 10 മുതൽ പ്രത്യേക ക്യാമ്പയിൻ ആരംഭിക്കാൻ ജില്ലാ കളക്ടർ ജോൺ വി സാമുവൽ നിർദ്ദേശം നൽകി. കളക്ടറുടെ ചെമ്പറിൽ ചേർന്ന സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ, ജില്ലാ മെഡിക്കൽ ഓഫീസ് , തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയുള്ള വകുപ്പുകളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ. ഭിന്നശേഷിക്കാർക്ക് കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് ഏകീകൃത തിരിച്ചറിയൽ കാർഡ്. മുമ്പേ തന്നെ യു ഡി ഐ ഡി എടുത്തിട്ടുള്ളവർക്ക് ഈ ക്യാമ്പയിൻ ബാധകമല്ല. ആദ്യഘട്ടം എന്ന നിലയിൽ കാർഡിനായി രജിസ്റ്റർ ചെയ്യാത്തവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പത്താം തീയതി മുതൽ ആരംഭിക്കുമെന്ന് കളക്ടർ പറഞ്ഞു. സർവ്വേ പ്രവർത്തനങ്ങൾക്കായി ആശാ വർക്കർമാർ , അംഗനവാടി ജീവനക്കാർ , കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ആർട്സ് ആൻഡ് സയൻസ് കോളേജ്, എൻജിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ എൻഎസ്എസ് പ്രവർത്തകരുടെ സഹായം കിട്ടുമോ എന്ന് ബന്ധപ്പെട്ടവർ അന്വേഷിച്ച് അറിയിക്കാൻ കളക്ടർ നിർദ്ദേശിച്ചു. നിലവിലുള്ള മൂവായിരത്തോളം സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകൾ ആരോഗ്യവകുപ്പിൽ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടെന്നും എത്രയും പെട്ടെന്ന് ഈ അപേക്ഷകളിൻമേൽ തീരുമാനമെടുക്കാനും ജില്ലാ മെഡിക്കൽ ഓഫീസിന് നിർദ്ദേശം നൽകി. യുഡി ഐഡി കാർഡ് എടുക്കാത്ത ആളുകളെ കണ്ടെത്തുന്നതിന് ബബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സഹായം തേടാവുന്നതാണ്. സർവ്വേയ്ക്കും രജിസ്ട്രേഷനുമായി നിയോഗിക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകണമെന്നും കലക്ടർ നിർദേശിച്ചു. ഈ ആവശ്യത്തിലേക്ക് എൻ എച്ച് എമ്മിന്റെ നേതൃത്വത്തിൽ കൂടുതൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെയും സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ ഒരു ഡോക്ടറുടെയും സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണെന്ന് ഉദ്യോഗസ്ഥർ യോഗത്തിൽ പറഞ്ഞു. യു ഡി ഐ ഡി ഇതുവരെയും ലഭിച്ചിട്ടില്ലാത്തവരെ കണ്ടെത്തിയാൽ അവർക്കായി യു.ഡി.ഐ.ഡി ലഭ്യമാക്കുന്നതിന് പ്രത്യേക ക്യാമ്പുകൾ നടത്താനും തീരുമാനിച്ചു. തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർ പ്രത്യേക നിർദ്ദേശം നൽകും. ജില്ല സാമൂഹ്യ നീതി ഓഫീസറുടെ ചാർജ് വഹുക്കുന്ന എം.എൻ.ദീപു, ജില്ല എംപ്ലോയ്മെന്റ് ഓഫീസർ ശ്രീ ലക്ഷ്മി, ഡോ.അരുൺജേക്കബ്, കെ.വി. സേവ്യർ തുടങ്ങിയവർ സംസാരിച്ചു.

## ഉപതിരഞ്ഞെടുപ്പ്: അപേക്ഷകളും ആക്ഷേപങ്ങളും നൽകാം

ആലപ്പുഴ: ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്ത്11കൂട്ടംപേരൂർഎ നിയോജകമണ്ഡലം, വെളിയനാട് ഗ്രാമപഞ്ചായത്ത്08കിടങ്ങറ ബസാർ തെക്ക് നിയോജകമണ്ഡലം എന്നിവിടങ്ങളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനു മുന്നോടിയായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിലെ അപേക്ഷകളും ആക്ഷേപങ്ങളും ജനുവരി 16 വൈകുന്നേരം അഞ്ചുവരെ സ്വീകരിക്കും. ജനുവരി 24 ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കും. അന്തിമ വോട്ടർപട്ടിക ജനുവരി 25ന് പ്രസിദ്ധീകരിക്കും.

# 126 റേഷൻ കടകൾ കെസ്റ്റോറുകളാക്കി മാറ്റും: മന്ത്രി ജി. ആർ. അനിൽ




**കൊച്ചി:**ജില്ലയിലെ 126 റേഷൻ കടകൾ മാർച്ച് മാസത്തിനു മുൻപ് കെസ്റ്റോറുകളാക്കി മാറ്റുമെന്ന് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഹാളിൽ ചേർന്ന കെസ്റ്റോർ ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തുടനീളം രണ്ടായിരം റേഷൻ കടകളാണ് കെസ്റ്റോറുകളായി ഉയർത്താൻ തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ 1265 കടകളാണ് കെസ്റ്റോറുകളാക്കി ഉയർത്തുന്നത്. മാർച്ച് മാസത്തോടെ ഇതിൽ 10 ശതമാനം കെ സ്റ്റോറായി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കഴിഞ്ഞ ഏഴു മാസത്തിനുള്ളിൽ കെ സ്റ്റോറുകൾ ആയി ഉയർത്തിയ 66 കടകളിൽ നിന്നും 1,45,32,652 രൂപയുടെ വരുമാനം നേടാൻ സാധിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾക്ക് പുറമെ വ്യവസായ വകുപ്പിൽ നിന്നുള്ള എം എസ് എം ഇ ഉൽപ്പന്നങ്ങൾ, കൃഷിവകുപ്പിന്റെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ എന്നിവയും കെ സ്റ്റോറുകൾ വഴി ലഭ്യമാക്കുന്നുണ്ട്. ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെ റേഷൻകടകൾ വഴി കുടിവെള്ള വിതരണം ക്രിസ്മസിന് മുമ്പ് നടപ്പാക്കിയിട്ടുണ്ട്. 10 രൂപ നിരക്കിലാണ് റേഷൻ കടകളിൽ നിന്നും കുടിവെള്ളം വിതരണം ചെയ്യുന്നത്. കൂടാതെ ചെറിയ ഗ്യാസ് കുറ്റിയും കെസ്റ്റോറിൽ ലഭ്യമാക്കുന്നുണ്ട്. ഫ്ളൈറ്റ് ടിക്കറ്റ് ബുക്കിംഗ്, മൊബൈൽ റീചാർജിംഗ്, വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ലഭ്യമാക്കുന്ന കോമൺ സർവീസ് സെന്റർ സേവനങ്ങൾ കെസ്റ്റോറുകൾ വഴി ലഭ്യമാക്കി കൂടുതൽ വരുമാനം നേടുന്നതിന് റേഷൻ വ്യാപാരികൾ മുൻകൈയെടുക്കണം. പൊതുവിതരണ രംഗത്ത് കേന്ദ്രസർക്കാർ കേരളത്തിന് അർഹമായ പരിഗണന നൽകുന്നില്ല. കേന്ദ്ര വിഹിതം നിരന്തരം വെട്ടിക്കുറയ്ക്കുന്ന അവസ്ഥയാണെന്നും മന്ത്രി പറഞ്ഞു.പഴയ റേഷൻ കടകൾ കൂടുതൽ മെച്ചപ്പെട്ടതാക്കി കൂടുതൽ സൗകര്യങ്ങളും ഉത്പന്നങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയാണ് കെസ്റ്റോർ വഴി ചെയ്യുന്നത്. കൂട്ടായ പ്രവർത്തനത്തിലൂടെ കെ സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതാക്കണമെന്നും മന്ത്രി പറഞ്ഞു.കെസ്റ്റോറുകളാക്കി ഉയർത്തി റേഷൻ വ്യാപാരികൾ യോഗത്തിൽ അനുഭവങ്ങൾ പങ്കുവെച്ചു. കെസ്റ്റോറിന്റെ മെച്ചപ്പെട്ട നടത്തിപ്പിനാവശ്യമായ നിർദേശങ്ങളും വ്യാപാരികൾ അവതരിപ്പിച്ചു. യോഗത്തിൽ റേഷൻ വ്യാപാരികൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ കോമൺ സർവീസ് സെന്റർ സംസ്ഥാന കോ ഓഡിനേറ്റർ ജിനോ ചാക്കോ ക്ലാസുകൾ നയിച്ചു.പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ ഡോ.ഡി. സജിത് ബാബു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കൺട്രോളർ ഓഫ് റേഷനിംഗ് കെ മനോജ് കുമാർ, സപ്ലൈകോ മാർക്കറ്റിംഗ് മാനേജർ ഷെൽജി ജോർജ്, ജില്ലാ സപ്ലൈ ഓഫീസർ റ്റി സഹീർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ജനറൽ മാനേജർ മാർക്കസ് ബ്രിസ്റ്റോ, സിവിൽ സപ്ലൈസ് ഓഫീസ് ജീവനക്കാർ, സപ്ലൈകോ ജീവനക്കാർ റേഷൻ വ്യാപാരികൾ തുടങ്ങിയവർ പങ്കെടുത്തു.

# സഹകരണനിക്ഷേപസമാഹരണത്തിലൂടെ 9,000 കോടിയുടെ നിക്ഷേപം സമാഹരിക്കും



**തിരുവനന്തപുരം:**സഹകരണവായ്പമേഖലയിലെ നിക്ഷേപം വർധിപ്പിക്കുന്നതിനും യുവജനങ്ങളെ സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുക, ഒരു വീട്ടിൽ നിന്ന് ഒരു പുതിയ അക്കൗണ്ട് എന്ന കാമ്പയിനുമായി സഹകരണ നിക്ഷേപ സമാഹരണം ജനുവരി 10 ന് ആരംഭിക്കുമെന്ന് സഹകരണ തുറമുഖ വകുപ്പ് മന്ത്രി വി.എൻ.വാസവൻ പറഞ്ഞു. ഫെബ്രുവരി 10 വരെയുള്ള നിക്ഷേപ സമാഹരണത്തിലൂടെ 9000 കോടി രൂപയുടെ  നിക്ഷേപം സമാഹരിക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി തിരുവനന്തപുരത്ത് നടത്തിയ പത്രസമ്മേളനത്തിൽ അറിയിച്ചു.സഹകരണനിക്ഷേപം കേരളവികസനത്തിന് എന്ന മുദ്രാവാക്യത്തിൽ നടക്കുന്ന 44ാമത് നിക്ഷേപസമാഹരണ യജ്ഞം സഹകരണ മേഖലയുടെ സ്വാധീനം കൂടുതൽ ശക്തിപ്പെടുന്നതിനാണ് ലക്ഷ്യമിടുന്നത്.നിക്ഷേപ സമാഹരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 10 ന് രാവിലെ 11.00 മണിക്ക് ജവഹർ സഹകരണ ഭവനിൽ വെച്ച് സഹകരണ വകുപ്പ് മന്ത്രി നിർവ്വഹിക്കും. പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ 7250 കോടി, കേരള ബാങ്ക് വഴി 1,750 കോടി, സംസ്ഥാന സഹകരണ കാർഷികവികസന ബാങ്കിലൂടെ 150 കോടിയാണ് ലക്ഷ്യം. നിക്ഷേപത്തിന്റെ 30 ശതമാനം വരെ കറണ്ട് അക്കൗണ്ട്, സേവിങ്സ് അക്കൗണ്ട് എന്നീ  വിഭാഗത്തിലായിരിക്കണമെന്നാണ് സഹകരണ വകുപ്പ് നിർദേശം.ഓരോ ജില്ലയും സമാഹരിക്കേണ്ട നിക്ഷേപലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. മലപ്പുറത്തുനിന്നാണ് കൂടുതൽ നിക്ഷേപം ലക്ഷ്യമിടുന്നത്; 900 കോടി രൂപ. 800 കോടി നിശ്ചയിച്ച കോഴിക്കോടാണ് രണ്ടാമത്. സഹകരണ മേഖലയിലെ നിക്ഷേപം വർധിക്കുക, യുവതലമുറയെ സഹകരണ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുക എന്നിവയും യജ്ഞത്തിന്റെ ലക്ഷ്യമാണ്. ഒരു വീട്ടിൽ ഒരു സഹകരണ ബാങ്ക് അക്കൗണ്ടെന്ന പ്രഖ്യാപിത ലക്ഷ്യവും സാധ്യമാക്കമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി വി എൻ വാസവൻ പറഞ്ഞു. നിക്ഷേപങ്ങൾക്ക് സഹകരണ രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരമുള്ള പരമാവധി പലിശ നൽകുമെന്നും മന്ത്രി പറഞ്ഞു.

# പ്രധാനമന്ത്രിക്ക് നെടുമ്പാശ്ശേരിയിൽ സ്വീകരണം



**കൊച്ചി:** കേരള സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക്  നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ജില്ലാ കലക്ടർ എൻഎസ്കെ ഉമേഷന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. ആലുവ റൂറൽ എസ് പി വൈഭവ് സക്സേന, രാഷ്ട്രീയ പാർട്ടി, സംഘടനാ പ്രതിനിധികളായ  ജി. രാമൻ നായർ, കെ. എസ് രാധാകൃഷ്ണൻ, കെ. പത്മകുമാർ, കുരുവിള മാത്യു,  കെ. പി ശശികല , പി. കെ വത്സൻ, സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ , ജി.കെ അജിത്ത്, ജിജി ജോസഫ്, എസ്.സജി, വി.കെ ബസിത് കുമാർ , പ്രസന്ന വാസുദേവൻ, സന്ധ്യ ജയപ്രകാശ് ,  കെ. ടി ഷാജി കാലടി , ബിനു മോൻ , അജിത് കുമാർ എന്നിവരും സ്വീകരിക്കാനുണ്ടായിരുന്നു.വ്യോമ സേനയുടെ പ്രത്യേക വിമാനത്തിൽ ലക്ഷദ്വീപ് അഗത്തിയിൽ നിന്ന് ഉച്ച കഴിഞ്ഞ് 2.40 നാണ്  പ്രധാനമന്ത്രി എത്തിയത്. തുടർന്ന് ഹെലികോപ്ടറിൽ തൃശൂരിലേക്ക് പോയി.

# ജലസംരക്ഷണം: ഏകദിന ശിൽപശാല സംഘടിപ്പിച്ചു



**കൊച്ചി:** കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതി തുടർപ്രവർത്തനങ്ങളുടെ ഭാഗമായി ജലവിതരണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല മുനിസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ ഉദ്ഘാടനം ചെയ്തു. ജലവിതരണം ജനകീയമാക്കുന്നതിന്റെ ഭാഗമായി  കളമശ്ശേരി നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിശദമായ പദ്ധതി രേഖ തയ്യാറാക്കും.കാർഷികോൽപാദന വളർച്ച കൈവരിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പൂർണമായും ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തും. വിശദമായ പദ്ധതി രേഖയുടെ അന്തിമ രൂപരേഖ  തയ്യാറാക്കുന്നതിനുവേണ്ടിയാണ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏകദിന ശില്പശാല സംഘടിപ്പിക്കുന്നത്. ശില്പശാലയിൽ ഉയരുന്ന നിർദേശങ്ങൾ സമവായത്തിലൂടെ നടപ്പിലാക്കി ജലവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. കളമശേരി മുനിസിപ്പാലിറ്റിയിൽ തുടക്കമിടുന്ന ശില്പശാല വരും ദിവസങ്ങളിൽ ഏലൂർ, കടുങ്ങല്ലൂർ, ആലങ്ങാട്, കരുമാലൂർ, കുന്നുകര എന്നിവിടങ്ങളിലും സംഘടിപ്പിക്കും. കളമശ്ശേരി മുൻസിപ്പാലിറ്റി കോൺഫറൻസ് ഹാളിൽ നടന്ന ശില്പശാലയിൽ  മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ സൽമ അബൂബക്കർ അധ്യക്ഷത വഹിച്ചു. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പ്രവീൺ ലാൽ ജി, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാ കോഓഡിനേറ്റർ എസ് ശ്യാമലക്ഷ്മി, കൃഷിക്കൊപ്പം കളമശേരി കോഓഡിനേറ്റർ എം.പി വിജയൻ, കാർഷിക വികസന സമിതി അംഗങ്ങൾ, മുനിസിപ്പൽ കൗൺസിലർമാർ, സഹകരണ ബാങ്ക് പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ശില്പശാലയിൽ  പങ്കെടുത്തു. ഡിപിആർ തയ്യാറാക്കുന്നതിന് നഗരസഭ വികസനകാര്യ സമിതി അധ്യക്ഷ ജെസി പീറ്റർ, കൃഷി ഓഫീസർ എസ് ഗായത്രീദേവി, എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനിയർ ഇ.ടി ലെനിൻ തുടങ്ങിയവരെ ചുതലപ്പെടുത്തി.

# നിധി പ്രയാസ് ധനസഹായത്തിന് കെഎസ് യുഎം അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഹാർഡ് വെയർ മേഖലയിൽ നൂതന ആശയങ്ങൾ കൈമുതലായവർക്കുള്ള ധനസഹായ പദ്ധതിയായ നിധി പ്രയാസിലേക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി അപേക്ഷിക്കാം. മികച്ച ആശയങ്ങളുടെ ഉത്പന്നമാതൃകകൾ ഉാക്കുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നതാണ് പദ്ധതി.

സോഫ്റ്റ് വെയർ ഡെവലപ്മൻറ്, ഇകോമേഴ്സ്, സർവീസ് സൊല്യൂഷൻസ്, ആപ്പുകൾ എന്നിവയ്ക്ക് അപേക്ഷിക്കാൻ അർഹതയില്ല.പദ്ധതി വഴി സഹായം ലഭിക്കാനാഗ്രഹിക്കുന്ന യുവ സംരംഭകർ ജനുവരി 15 ന് മുമ്പായി https://startupmission.kerala.gov.in/nidhiprayaas എന്ന വെബ് സൈറ്റിലൂടെ അപേക്ഷിക്കണം. ശാസ്ത്രസാങ്കേതിക മേഖലയിൽ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകളോ അല്ലെങ്കിൽ ഉത്പന്ന മാതൃകയോ സ്വന്തമായുള്ള 18 വയസ് കഴിഞ്ഞ ഇന്ത്യൻ പൗരന്മാർക്കാണ് അപേക്ഷിക്കാനർഹത. കൂടുതൽ വിവരങ്ങൾക്കായി nidhiprayas@startupmission.in എന്ന ഇ മെയിൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് നിധി പ്രയാസ് പദ്ധതി നടപ്പാക്കി വരുന്നത്. പ്രയാസ് കേന്ദ്രങ്ങൾ വഴി നടത്തുന്ന പ്രയാസ് പിച്ച് വീക്കിലൂടെയാണ് സംരംഭകർ ധനസഹായ പദ്ധതിക്കായി അപേക്ഷിക്കേണ്ടത്. കേരള സ്റ്റാർട്ടപ്പ് മിഷനിലെ പ്രയാസ് കേന്ദ്രത്തിലെ പദ്ധതി നിർവഹണ കേന്ദ്രം വഴിയാണ് ധനസഹായം ലഭിച്ച ആശയങ്ങളുടെ മാതൃകാരൂപീകരണം നടക്കുന്നത്. പരാജയ ഭീതിയില്ലാതെ നൂതനാശയങ്ങളുള്ള യുവാക്കൾക്ക് സധൈര്യം സ്വന്തം ആശയങ്ങളുമായി മുന്നോട്ടു പോകാൻ സഹായിക്കുന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.വ്യക്തമായ സാങ്കേതിക പരിജ്ഞാനം, മാതൃകാരൂപീകരണത്തിനുള്ള വ്യക്തമായ മാർഗം, എന്നിവ അപേക്ഷകർക്ക് ആവശ്യമാണ്. ധനസഹായം ലഭിച്ച് ഒന്നര വർഷത്തിനുള്ളിൽ മാതൃക രൂപീകരിക്കുകയും വേണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വ്യവസായ പ്രമുഖരിൽ നിന്നുള്ള വിദഗ്ധോപദേശം, ആധുനിക സൗകര്യങ്ങൾ അടങ്ങുന്ന ജോലി സ്ഥലം, വിജയകരമായ മാതൃകകളുടെ വാണിജ്യ സാധ്യതകൾ തേടാനായുള്ള സഹായം എന്നിവയും ഈ പദ്ധതിയിലൂടെ ലഭിക്കും.

## യുപി സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ:

# 1350 ബസ് ചെയ്സുകളുടെ ഓർഡർ സ്വന്തമാക്കി ടാറ്റാ മോട്ടോഴ്സ്

**മുംബൈ:** ഉത്തർപ്രദേശ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്ന് അഭിമാനകരമായ ഓർഡർ സ്വന്തമാക്കി ഇന്ത്യയിലെ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റാ മോട്ടോഴ്സ്. ടാറ്റ എൽപിഒ 1618 ഡീസൽ ബസ് ചെയ്സുകളുടെ 1350 യൂണിറ്റ് വിതരണത്തിനുള്ള ഓർഡറാണ് ടാറ്റാ മോട്ടോഴ്സിന് ലഭിച്ചത്. ദീർഘദൂര യാത്രകൾക്കായി വികസിപ്പിച്ചെടുത്ത മോഡലാണ് ടാറ്റ എൽപിഒ 1618. ബിഎസ്6 എമിഷൻ പ്രോട്ടോക്കോൾ അടിസ്ഥാനപ്പെടുത്തിയാണ് ഇവയുടെ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. മികച്ച പ്രകടനവും യാത്ര സൗകര്യവും കാഴ്ചവെയ്ക്കുന്ന മോഡൽ കൂടിയാണിത്. പൊതുഗതാഗതം കൂടുതൽ ഫലപ്രദവും കാര്യക്ഷമമാക്കുകയെന്നത് ഞങ്ങളുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. ബസ് ഷാസി വിതരണം ചെയ്യാൻ വീണ്ടും ഒരു അവസരം നൽകിയ ഉത്തർപ്രദേശ് സംസ്ഥാന സർക്കാരിനോട് എന്നും കടപ്പെട്ടിരിക്കുന്നു. കരുത്തുറ്റ നിർമ്മാണം, മികച്ച എൻജിനിയറിംഗ് വൈദഗ്ധ്യം, കുറഞ്ഞ അറ്റകുറ്റപ്പണികൾ എന്നിവ പരിശോധിച്ചുറപ്പാക്കിയ മോഡലാണ് ടാറ്റ എൽപിഒ 1618. മികച്ച ഉൽപ്പാദന ക്ഷമത ഉറപ്പുവരുത്തുന്ന സംരംഭം കൂടിയാണിത്. യുപിഎസ്ആർടിയുടെ നിർദ്ദേശത്തിന് അനുസരിച്ച് വാഹനത്തിന്റെ വിതരണം ഉടൻ ആരംഭിക്കാനാകുമെന്ന് കമ്പനി പ്രതീക്ഷിക്കുന്നു," ടാറ്റാ മോട്ടോഴ്സ് സിവി പാസഞ്ചേഴ്സിന്റെ വൈസ് പ്രസിഡന്റും ബിസിനസ് തലവനുമായ രോഹിത് ശ്രീവാസ്തവ പറഞ്ഞു.

അതേസമയം ഇന്ത്യയിലുടനീളമുള്ള സംസ്ഥാനങ്ങളിലേക്കും നഗരങ്ങളിലേക്കും ബസുകളും പൊതുഗതാഗത വാഹനങ്ങളും എത്തിക്കുന്നതിൽ മുൻനിരയിൽ നിൽക്കുന്ന കമ്പനിയാണ് ടാറ്റാ മോട്ടോഴ്സ്. വിവിധ സംസ്ഥാന പൊതുഗതാഗത സംരംഭങ്ങൾക്കായി ഇതുവരെ 58000 ബസുകളാണ് കമ്പനി വിതരണം ചെയ്തത്. നഗരങ്ങളെയും വലിയ പട്ടണങ്ങളെയും ബന്ധിപ്പിക്കുന്ന ആയിരക്കണക്കിന് ബസുകളാണ് നിലവിൽ രാജ്യത്തുടനീളം ഓടിക്കൊണ്ടിരിക്കുന്നത്. ഇതിലൂടെ ജനങ്ങളുടെ യാത്ര കൂടുതൽ സുഖകരമാകുകയും ചെയ്യുന്നു.

# ത്രിദിന അന്തർദേശീയ സെമിനാറിന് സംസ്കൃത സർവ്വകലാശായിൽ തുടക്കം



**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല മലയാള വിഭാഗം 'കടൽ: സാഹിത്യം ചരിത്രം സംസ്കാരം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന അന്തർദേശീയ സെമിനാറിന് തുടക്കമായി. ജോഹനാസ്ബർഗിലെ വിറ്റ്വാട്ടർസ്രാൻഡ് സർവകലാശാലയിലെ സെന്റർ ഫോർ ഇന്ത്യൻ സ്റ്റഡീസ് ഇൻ ആഫ്രിക്കയുടെ ഡയറക്ടറും ചരിത്രകാരനുമായ ദിലീപ് എം മേനോൻ സെമിനാറിന്റെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നിർവഹിച്ചു. ആഗോളതാപനത്തിന്റെ ഘട്ടത്തിൽ കടലും കാലാവസ്ഥാവ്യതിയാനവും തമ്മിലുള്ള ബന്ധം പോലെ തന്നെ ചരിത്രവും സംസ്കാരവും സാഹിത്യവും കടലുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നതും പ്രധാനമാണ് എന്ന് അദ്ദേഹം പറഞ്ഞു. മലയാള വിഭാഗം മേധാവി ഡോ. എസ്. പ്രീയ അധ്യക്ഷയായിരുന്നു. വൈസ് ചാൻസലർ പ്രൊഫ. എം വി നാരായണൻ, ഡോ. സുനിൽ പി. ഇളയിടം, ഡോ. സജിത കെ. ആർ., ഡോ. സംഗീത തിരുവൾ, എന്നിവർ പ്രസംഗിച്ചു. ഡോ. മഹ്മൂദ് കൂരിയ, ഫ്രാൻസിസ് നൊറോണ, ഡോ. എം കെ സജീവൻ, ശരണ്യ ചന്ദ്രൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സെമിനാർ വെള്ളിയാഴ്ച്ച സമാപിക്കും.

# ജനിതക ആരോഗ്യരംഗത്ത് പുതിയ ചുവടുവെയ്പ്പ്; ഓ മൈ ജീനുമായി കൈകോർത്ത് കിംസ്ഹെൽത്ത്

**തിരുവനന്തപുരം:** വെൽനസ് സ്ക്രീനിംഗ്, ലൈഫ്സ്റ്റൈൽ കൗൺസിലിംഗ്, ജനിതക പരിശോധനയും കൗൺസിലിംഗും തുടങ്ങിയ സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കാൻ തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഓ മൈ ജീനുമായി കൈകോർത്ത് കിംസ്ഹെൽത്ത്. ആരോഗ്യം, ജനിതക പരിശോധന എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഓ മൈ ജീൻ, ജനിതക വിജ്ഞാന മേഖലയിലെ പ്രമുഖ സ്ഥാപനമാണ്. തിരുവനന്തപുരം കിംസ്ഹെൽത്തിൽ വെച്ച് നടന്ന ചടങ്ങിൽ കിംസ്ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള, ഓ മൈ ജീൻ ചെയർമാൻ ഡോ. എം. അയ്യപ്പൻ എന്നിവർ ചേർന്നാണ് "ജനിതക ആരോഗ്യം ഭാവിയെ മുൻനിർത്തിയുള്ള ആരോഗ്യ സംരക്ഷണം" എന്ന പദ്ധതി അവതരിപ്പിച്ചത്.

ഇത്തരം പരിശോധനകളിലൂടെ രോഗികൾക്ക് വിവിധ രോഗങ്ങളുടെ അപകടസാധ്യത വിലയിരുത്താനും ആരോഗ്യ, ജീവിതശൈലി, ന്യൂട്രീഷ്യൻ തുടങ്ങിയ കാര്യങ്ങളിൽ അനുയോജ്യമായ ഇടപെടൽ സ്വീകരിക്കാനും സഹായകരമാകും. ഇത് ഓരോ വ്യക്തികൾക്കും മരുന്നിന്റെ ഫലപ്രാപ്തിക്കൊപ്പം രോഗസാധ്യതയും കണ്ടെത്താൻ സാധിക്കും. ഇതിലൂടെ രോഗങ്ങളുണ്ടാകുന്നത് വൈകിക്കുകയോ തടയുകയോ ചെയ്യാം. സ്തനങ്ങൾ, അണ്ഡാശയം, പ്രോസ്ട്രേറ്റ്, വൻകുടൽ, ഗർഭാശയം എന്നിവയിലും മറ്റും ഉണ്ടാകുന്ന ക്യാൻസറുകളുടെ സാധ്യത പരിശോധിക്കുന്ന ഓ.എം.ജി



കാൻ ഉൾപ്പടെയുള്ള ചികിത്സകൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. ജനിതക കൗൺസിലറുടെ പിന്തുണയോടെയാണ് ഈ സേവനങ്ങൾ നടപ്പാക്കുന്നത്. ഉപഭോക്താക്കൾക്ക് ആരോഗ്യമേഖലയിലെ ഏറ്റവും പുതിയ അറിവുകളും നൂതനമായ ചികിത്സാരീതികളും അടിസ്ഥാനമാക്കിയുള്ള സേവനം പ്രദാനം ചെയ്യുന്നതിൽ പ്രതിജ്ഞാബദ്ധമാണ് ഡോ. എം.ഐ സഹദുള്ള ഓ മൈ ജീനുമായുള്ള സഹകരണത്തെക്കുറിച്ച് പറഞ്ഞു. ഉപഭോക്താക്കളുടെ ജീവിത നിലവാരവും ദീർഘായുസ്സും ലക്ഷ്യമിട്ട് വെൽനസ് പ്രോഗ്രാമുകളുടെ ഒരു സ്യൂട്ട് തയാറാണെന്നും ഭാവിയിലുണ്ടായേക്കാവുന്ന രോഗസാധ്യത വിലയിരുത്താനും ആവശ്യമായ പ്രതിരോധവും കൃത്യമായ ചികിത്സയും ലഭ്യമാക്കാനും വ്യക്തികളെയും മെഡിക്കൽ ഫ്രറ്റേണിറ്റിയെയും ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഓങ്കോളജി, ഓട്ടോ ഇമ്യൂൺ, ഗൈനക്കോളജി വിഭാഗങ്ങൾക്കുള്ള ജനിതക ചികിത്സകൾ അതിവേഗത്തിലാണ്, ഇന്ത്യയിലെ ഇതിന്റെ സ്വീകാര്യത രാജ്യത്തെ ജനങ്ങളുടെ ആരോഗ്യകരമായ ജീവിതം ഉറപ്പാക്കും. മനുഷ്യരുടെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യങ്ങളായ ആരോഗ്യകരമായ ജീവിതത്തിന് മൂല്യം കൂട്ടുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിലാണ് ഓ മൈ ജീനിന്റെ ശ്രദ്ധയെന്ന് ഡോ. എം. അയ്യപ്പൻ പറഞ്ഞു. ജനിതക ആരോഗ്യം ഉൾപ്പടെയുള്ള ആരോഗ്യരംഗത്തെ സമഗ്ര സേവനം കിംസ്ഹെൽത്ത് വാഗ്ദാനം ചെയ്യുന്നത് രോഗീ പരിചരണത്തിൽ കിംസ്ഹെൽത്ത് മുൻപന്തിയിലാണെന്നതിന്റെ തെളിവാണെന്നും അദ്ദേഹം വ്യക്തമാക്കി.

# കൊച്ചിയിൽ എക്സ്പീരിയൻസ് സെന്ററുമായി ആറ്റം ലൈഫ്



കൊച്ചി: ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രകൃതിസൗഹൃദ, സുസ്ഥിര ഉത്പന്നങ്ങളുടെ നിർമാതാക്കളും വിൽപനക്കാരുമായ വിശാഖ, കൊച്ചിയിലും പ്രവർത്തനമാരംഭിച്ചു. ബെംഗളൂരു, ഹൈദരാബാദ്, അഹമ്മദാബാദ് എന്നീ നഗരങ്ങളിൽ പേരെടുത്ത ശേഷമുള്ള നാലാമത്തെ ശാഖയാണ് ഇടപ്പള്ളിയിൽ തുറന്നിരിക്കുന്നത്. വിശാഖ ഇൻഡസ്ട്രീസിന്റെ സ്ട്രാറ്റജിക് പ്ലാനിങ് ആൻഡ് ബിസിനസ്സ് ഡിവെലപ്മന്റ് ഡയറക്ടർ ജെ. പി. റാവുവാണ് കേന്ദ്രം ഉദ്ഘാടനം ചെയ്തത്. പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം. ഇത്തരം ഉൽപ്പന്നങ്ങൾ നിർമിക്കുന്നവർക്ക് അവരുടെ മികവ് പ്രദർശിപ്പിക്കാനും ആവശ്യക്കാരെ കണ്ടെത്താനുമുള്ള ഒരു വേദി കൂടിയാണ് ആറ്റം ലൈഫെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.മായമില്ലാത്ത പച്ചക്കറികൾ, പഴവർഗങ്ങൾ, പ്രകൃതിദത്തമായ വസ്ത്രങ്ങൾ, സൗന്ദര്യവർധക വസ്തുക്കൾ, ചർമസംരക്ഷണ ഉപാധികൾ, പാദരക്ഷകൾ, ആക്സസറികൾ, വീട്ടുപകരണങ്ങളും അടുക്കള സാധനങ്ങളും എല്ലാം ഇടപ്പള്ളിയിലെ എക്സ്പീരിയൻസ് സെന്ററിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിനെക്സ്റ്റിന്റെ പ്രകൃതിദത്ത കെട്ടിടനിർമാണ സാമഗ്രികളും ആറ്റം സോളാർ മേൽക്കൂരയും, വേഡർ കഫേ റേസർ ഇലക്ട്രിക് ബൈക്ക് വരെ ലഭ്യമാണ്. കൊച്ചിയിലെത്തുന്ന ആർക്കും ഈ ഉത്പന്നങ്ങൾ കാണാനും പരിചയപ്പെടാനും സാധിക്കുന്ന വേറിട്ടൊരു അനുഭവമായിരിക്കും ഈ കേന്ദ്രം നൽകുക. ആവശ്യക്കാർക്ക് മൊബൈൽ ആപ്പ് വഴിയും വെബ്സൈറ്റ് വഴിയും ഓൺലൈനായും ഇവ വാങ്ങാൻ കഴിയും.പ്രകൃതിയോടിണങ്ങി ജീവിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിനുള്ള തങ്ങളുടെ തീവ്രമായ ശ്രമങ്ങളുടെ ഭാഗമാണ് രാജ്യത്തെ ഈ നാലാമത്തെ കേന്ദ്രമെന്ന് വംശി കൃഷ്ണ ഗദ്ദാം പറഞ്ഞു.നമ്മളോരോരുത്തരും ജീവിക്കുകയും അവശ്യസാധനങ്ങൾ വാങ്ങുകയും ചെയ്യുന്ന രീതിയും ശൈലികളും പ്രകൃതിയെക്കൂടി പരിഗണിച്ചുകൊണ്ട് മാറ്റുകയാണ് ലക്ഷ്യം. സുസ്ഥിരമായ ജീവിതശൈലി ബുദ്ധിമുട്ടേറിയതല്ലെന്നും എല്ലാവർക്കും സാധ്യമായതാണെന്നും തെളിയിക്കുകയും കൂടിയാണ് തങ്ങളുടെ പ്രവർത്തനലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതിയോടിണങ്ങുന്ന വീട്ടലങ്കാര വസ്തുക്കൾ മുതൽ പ്രകൃതിദത്തമായ ഭക്ഷ്യവസ്തുക്കൾ വരെ, എല്ലാവർക്കും ആവശ്യമായ ഉൽപന്നങ്ങൾ പുതിയ എക്സ്പീരിയൻസ് സെന്ററിൽ ഉണ്ടാവും. ഇതുവരെയുള്ള കമ്പനിയുടെ പ്രവർത്തനങ്ങളിലൂടെ അഞ്ച് ലക്ഷത്തിലേറെ മരങ്ങൾ സംരക്ഷിക്കാനും ഒരു ലക്ഷം ടൺ വരെ കാർബൺ ഡയോക്സൈഡ് ഒഴിവാക്കാനും 175 മില്യൺ പ്ലാസ്റ്റിക് ബോട്ടിലുകൾ പുനഃരുപയോഗിക്കാനും കഴിഞ്ഞതിലുള്ള സന്തോഷവും അദ്ദേഹം പ്രകടിപ്പിച്ചു. കമ്പനിയുടെ ലക്ഷ്യത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവെപ്പായിരുന്നു ഈ നേട്ടങ്ങൾ. പ്രകൃതിദത്ത കെട്ടിട നിർമാണ സാമഗ്രിയായ വിനെക്സ്റ്റ് ബോർഡുകൾ ഉപയോഗിച്ചാണ് ആറ്റം ലൈഫിന്റെ എല്ലാ എക്സ്പീരിയൻസ് സെന്ററുകളും പണികഴിപ്പിച്ചിട്ടുള്ളത് എന്ന പ്രത്യേകതയുമുണ്ട്.കേവലമൊരു വിൽപനകേന്ദ്രത്തിന് പുറമെ, പ്രകൃതിയോടിണങ്ങി ജീവിക്കാൻ ആഗ്രഹിക്കുന്നവരുടെ ഒരു കൂട്ടായ്മ കൂടിയാണ് ആറ്റം ലൈഫ്. പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ നിർമിക്കുന്നവർക്ക് അവരുടെ ഉൽപന്നങ്ങൾ വിൽക്കാനുള്ള ഒരു വേദി കൂടിയാണ് കൊച്ചിയിൽ ഒരുങ്ങുന്നത്. ഇതിനായി പ്രാദേശിക തലത്തിൽ കരകൗശലനിർമാണ വിദഗ്ധരുമായും കൈത്തൊഴിൽ ചെയ്യുന്നവരുമായും സഹകരിക്കും. ഇടനിലക്കാരില്ലാതെ നേരിട്ട് ഉപഭോക്താക്കളിലേക്ക് ഉൽപ്പന്നങ്ങൾ എത്തിക്കാൻ ഇവരെ കമ്പനി സഹായിക്കും. ക്രമേണ രാജ്യത്തെ എല്ലാ പ്രമുഖ നഗരങ്ങളിലും എക്സ്പീരിയൻസ് സെന്ററുകൾ തുറക്കാനുള്ള മുന്നൊരുക്കത്തിലാണ് ആറ്റം ലൈഫെന്നും അദ്ദേഹം വ്യക്തമാക്കി.

# മുത്തൂറ്റ് ഫിനാൻസ് എൻസിഡിയിലൂടെ 1000 കോടി സമാഹരിക്കുന്നു

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ഓഹരിയാക്കി മാറ്റാനാകാത്ത സുരക്ഷിത കടപ്പത്രങ്ങളുടെ (എൻസിഡി) 330മത് പബ്ലിക് ഇഷ്യൂ പ്രഖ്യാപിച്ചു. ഒന്നിന് 1000 രൂപ മുഖവിലയുള്ള എൻസിഡികളിലൂടെ 1000 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 100 കോടി രൂപയുടേതാണ് അടിസ്ഥാന ഇഷ്യു. 900 കോടി രൂപ അധികസമാഹരത്തിന് അവസരമുണ്ട്. ഐസിആർഎയുടെ എഎപ്ലസ് (സ്റ്റേബിൾ) റേറ്റിങ്ങുള്ള എൻസിഡികളുടെ സബ്സ്ക്രിപ്ഷൻ 2024 ജനുവരി 8ന് ആരംഭിച്ച് ജനുവരി 19ന് അവസാനിക്കും. ഡയറക്ടർ ബോർഡോ എൻസിഡി കമ്മിറ്റിയോ തീരുമാനിക്കുന്ന പ്രകാരം ഈ തിയതിക്ക് സബ്സ്ക്രിപ്ഷൻ അവസാനിപ്പിക്കുകയോ വിതരണ തിയതി നീട്ടുകയോ ചെയ്യാം. എൻസിഡികൾ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്യും. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന തരത്തിലായിരിക്കും അലോട്ട്മെൻറ്.പ്രതിമാസമോ വാർഷികമായോ പലിശ ലഭിയ്ക്കുന്ന തരത്തിലും കാലാവധി പൂർത്തിയാകുമ്പോൾ ലഭിയ്ക്കുന്ന വിധവും ഏഴ് നിക്ഷേപ ഓപ്ഷനുകളുണ്ട്. വ്യക്തിഗത നിക്ഷേപകർക്കും കോർപറേറ്റ് നിക്ഷേപകർക്കും 8.75 ശതമാനം മുതൽ 9 ശതമാനം വരെയാണ് വാർഷിക പലിശ വാഗ്ദാനം ചെയ്യുന്നത്.നിലവിൽ ലഭ്യമായ മറ്റ് നിക്ഷേപ മാർഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കമ്പനിയുടെ 330മത് എൻസിഡി വിതരണത്തിലൂടെ മികച്ച റേറ്റിങ്, ആകർഷകമായ പലിശ എന്നിങ്ങനെ ഇരട്ട നേട്ടമാണ് നിക്ഷേപകർക്ക് ലഭിക്കുന്നതെന്നും ഇഷ്യുവിൻറെ 95 ശതമാനം കമ്പനികൾക്കും വ്യക്തിഗത നിക്ഷേപകർക്കുമായി മാറ്റിവച്ചിരിക്കുന്നു അവർക്ക് സ്ഥാപനങ്ങൾക്ക് ബാധകമായതിനേക്കാൾ 0.5 ശതമാനം അധിക പലിശ ലഭിക്കുമെന്നും മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.എ കെ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡാണ് ഇഷ്യുവിൻറെ ലീഡ് മാനേജർ.

# ടീം വൈറ്റാലിറ്റിയുമായി വി ഇസ്പോർട്ട്സ് സഹകരണത്തിന്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം സേവന ദാതാക്കളായ വോഡഫോൺ ഇന്ത്യ (വി) അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരായ പാരീസ് ആസ്ഥാനമായ ഇസ്പോർട്ട്സ് സ്ഥാപനം ടീം വൈറ്റാലിറ്റിയുമായി ദീർഘകാല സഹകരണത്തിൽ ഏർപ്പെടും. ഇന്ത്യയിലെ ഇസ്പോർട്ട്സ് സംവിധാനം ശക്തമാക്കുക എന്ന ലക്ഷ്യവുമായാണ് ഈ നീക്കം. രാജ്യത്തെ ഇസ്പോർട്ട്സ് 2027ഓടെ 140 ദശലക്ഷം ഡോളറിലെത്തും വിധം വളരുമെന്നു കണക്കാക്കുന്ന സാഹചര്യത്തിൽ ഈ സഹകരണത്തിന് വലിയ പ്രാധാന്യമാണുള്ളത്.രു ബ്രാൻഡുകളുടെ സഹകരണം ഇസ്പോർട്ട്സ് രംഗത്ത് ആരാധകർക്കും ഗെയിമിങ് പ്രേമികൾക്കും അവസരങ്ങൾ തുറന്നു നൽകും. ബ്രാൻഡ് സ്പോൺസർഷിപ്പ്, കൻറ് സഹകരണം, ഗെയിമിങ് ഈവൻറുകൾ തുടങ്ങി ഇതിനു മുൻപില്ലാതിരുന്ന നിരവധി അവസരങ്ങളാവും ഇത്തരത്തിലുള്ള ആദ്യമായ ഈ സഹകരണം വഴി ലഭ്യമാകുക. വി ഉപഭോക്താക്കൾക്ക് ഇസ്പോർട്ട്സിൽ പങ്കെടുക്കാനും ടീം വൈറ്റാലിറ്റിയുടെ ജനപ്രിയ ടൂർണമെൻറുകളിലും ടീമുകളിലും പങ്കാളികളാകാനുള്ള പ്രത്യേക അവസരങ്ങൾ ലഭിക്കുകയും ചെയ്യും.തങ്ങൾ എപ്പോഴും പ്രത്യേക ശ്രദ്ധ നൽകുന്ന മേഖലയാണ് ഗെയിമിങ്ങെന്നും മൊബൈൽ ഗെയിമിങ് രംഗത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി വൻ മാറ്റങ്ങളാണു തങ്ങൾ വരുത്തിയതെന്നും വി സിഎംഒ അവനീഷ് ഖോസ്ല പറഞ്ഞു.

# ഡിസിബി ബാങ്ക് ഹാപ്പി സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ചു

**കൊച്ചി:** അർഹമായ യുപിഐ ഇടപാടുകളിൽ പ്രതിവർഷം 7500 രൂപ വരെ ക്യാഷ് ബാക്ക് ലഭ്യമാക്കി ഡിസിബി ബാങ്ക് ഡിസിബി ഹാപ്പി സേവിങ്സ് അക്കൗ അവതരിപ്പിച്ചു. വെറും 500 രൂപയായിരിക്കും കാഷ് ബാക്ക് അർഹതയ്ക്കുള്ള കുറഞ്ഞ യുപിഐ ഇടപാടു തുക. 25,000 രൂപയായിരിക്കും ഡിസിബി ഹാപ്പി സേവിങ്സ് അക്കൗിലെ ശരാശരി ത്രൈമാസ ബാലൻസ്. ശരാശരി ത്രൈമാസ ബാലൻസിൻറെ അടിസ്ഥാനത്തിൽ പത്തു രൂപ മുതൽ 625 രൂപ വരെ ഓരോ ഇടപാടിലും കാഷ് ബാക്ക് ലഭിക്കുന്ന രീതിയിലാണ് പദ്ധതി. ഇന്ത്യയിലെ ഡിസിബി എടിഎമ്മുകളിൽ പരിധിയില്ലാത്ത ഉപയോഗം, പരിധിയില്ലാത്ത ഓൺലൈൻ ആർടിജിഎസ്, നെഫ്റ്റ്, ഐഎംപിഎസ് സൗകര്യങ്ങൾ, ഡിസിബി പേഴ്സണൽ ഇൻറർനെറ്റ് ബാങ്കിങ്, സിഡിബി മൊബൈൽ ബാങ്കിങ് ആപ് തുടങ്ങിയ മറ്റു നിരവധി സൗകര്യങ്ങളും ഇതോടൊപ്പം ലഭ്യമാക്കും.പുതുമകൾ ഉള്ളതും റിവാർഡുകൾ നൽകുന്നതുമായ ബാങ്കിങ് സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഇതിലൂടെ ചൂിക്കാട്ടപ്പെടുന്നതെന്ന് ഡിസിബി ബാങ്ക് റീട്ടെയിൽ ആൻറ് അഗ്രി ബിസിനസ് മേധാവി പ്രവീൺ കുട്ടി പറഞ്ഞു.

# ലോഞ്ച് പാഡ് സംരംഭകത്വ വർക്ക്ഷോപ്പ്

**ആലപ്പുഴ:** വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓൺട്രപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് അഞ്ചു ദിവസത്തെ വർക്ക്ഷോപ് സംഘടിപ്പിക്കുന്നു. ജനുവരി എട്ട് മുതൽ 12 വരെ കളമശ്ശേരി കെ.ഐ.ഇ.ഡി ക്യാമ്പസിലാണ് പരിശീലനം.

പുതിയ സംരംഭകർ അറിഞ്ഞിരിക്കേണ്ട ബിസിനസ് നിയമ വശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, സെയിൽസ് ആൻഡ് മാർക്കറ്റിങ്, ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി.എസ്.ടി, സംരംഭം തുടങ്ങാനാവിശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം തുടങ്ങിയ സെഷനുകൾ ഉണ്ടാകും.താൽപര്യമുള്ളവർക്ക് http://kied.infot/raining-calender/ സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. അവസാന തിയതി ജനുവരി അഞ്ച്. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890, 2550322, 9605542061.

# സമുദ്രമത്സ്യമേഖലയുടെ വികസനം കേന്ദ്രവും തീരദേശ സംസ്ഥാനങ്ങളും കൈകോർക്കുന്നു




**കൊച്ചി:** സമുദ്രമത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിന് നീതി ആയോഗിന്റെ നേതൃത്വത്തിൽ കേന്ദ്രതീരദേശ സംസ്ഥാനങ്ങൾ കൈകോർക്കുന്നു. വിവിധ സംസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികൾ സംയുക്തമായി ചർച്ച ചെയ്യാനും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ഉന്നതതല ദേശീയ ശിൽപശാല നാളെ കൊച്ചിയിൽ നടക്കും. കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിലെയും തീരദേശ സംസ്ഥാനങ്ങളിലെയും ഉന്നതതല ഉദ്യോഗസ്ഥർ ഒരു കുടക്കീഴിൽ വരുന്ന ശിൽപശാല നീതി ആയോഗ്, കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ), സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവർ സംയുക്തമായാണ് സംഘടിപ്പിക്കുന്നത്.സിഎംഎഫ്ആർഐയിൽ നടക്കുന്ന ശിൽപശാലയിൽ നീതി ആയോ?ഗ് വൈസ്ചെയർമാൻ സുമൻ ബെറി, നീതി ആയോഗ് അം?ഗം പ്രൊഫ. രമേശ് ചന്ദ്, തീരദേശ സംസ്ഥാനങ്ങളിലെ ഫിഷറീസ് സെക്രട്ടറിമാർ തുടങ്ങി കേന്ദ്രസംസ്ഥാന സർക്കാറുകളിലെ നയരൂപീകരണ വിദ?ഗ്ധർ, വ്യവസായ പ്രമുഖർ, ?ഗവേഷകർ എന്നിവരടങ്ങുന്ന ഉന്നതതല സംഘം പങ്കെടുക്കും. കേരളത്തിന് പുറമെ, പശ്ചിമ ബംഗാൾ, ഒഡിഷ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ തീരദേശ സംസ്ഥാനങ്ങളും ആൻഡമാൻ നിക്കോബാറും ദേശീയ ശിൽപശാലയിൽ പങ്കെടുക്കും. സമുദ്രമത്സ്യമേഖലയിലെ നിലവിലെ സ്ഥിതിഗതികൾ ഓരോ സംസ്ഥാനങ്ങളും പങ്കവെക്കും. വെല്ലുവിളികളും പരിഹാരമാർ?ഗങ്ങളും ചർച്ച ചെയ്യും. സുസ്ഥിരവളർച്ചയ്ക്കാവശ്യമായ ഭാവിപദ്ധതികൾക്ക് ശിൽപശാല രൂപം നൽകും. ഫിഷറീസ് സർട്ടിഫിക്കേഷൻ, വ്യാപാരബന്ധം, കയറ്റുമതി, മത്സ്യബന്ധനസീഫുഡ് വ്യവസാ മേഖലകളിലെ പ്രശ്നങ്ങൾ തുടങ്ങിയവയും ചർച്ച ചെയ്യും. സമുദ്രമത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവസരങ്ങൾ മുതലാക്കുന്നതിനും കൂട്ടായ ശ്രമങ്ങളും പരസ്പരസഹകരണവുമാണ് കേന്ദ്രസംസ്ഥാന സർക്കാറുകളെ ഏകോപിപ്പിച്ച് നടത്തുന്ന ചർച്ച ലക്ഷ്യമിടുന്നത്.

## പി.എസ്.സി പരീക്ഷാ പരിശീലനം

**തിരുവനന്തപുരം:** തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിന്റെ പത്താം നിലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ 150 മണിക്കൂർ ദൈർഘ്യമുള്ള പി.എസ്.സി മത്സര പരീക്ഷാ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ജനുവരി 8 മുതൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 മണിവരെ ക്രമീകരിച്ചിരിക്കുന്ന ക്ലാസുകളിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ഉദ്യോഗാർഥികൾ ജനുവരി ആറിന് വൈകിട്ട് അഞ്ചിനകം സർട്ടഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഹാജരായി രജിസ്റ്റർ ചെയ്യണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ജനുവരി 8നു രാവിലെ 10 മുതൽ ക്ലാസുകൾ ആരംഭിക്കും. വിശദവിവരങ്ങൾക്ക് : 8574676096, 0471 2330756

## കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിങ്

**കൊല്ലം :** കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ ജനുവരി 6, 20, 27 തീയതികളിൽ പീരുമേടും 9, 16, 23 എന്നീ തീയതികളിൽ പുനലൂരിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും, എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.

# വർണം മ്യൂറൽ ആർട്ട് പ്രദർശനം ആരംഭിച്ചു



**കൊച്ചി:** പരമ്പരാഗത കേരള മ്യൂറൽ പെയിന്റിങ്ങ് പരിശീലനം, സംരക്ഷണം എന്നിവയ്ക്കായി സ്ഥാപിതമായ വർണം ആർട്ടിസ്ട്രിയുടെ മ്യൂറൽ ആർട്ട് പ്രദർശനം ഫോർട്ട്കൊച്ചി ഡേവിഡ് ഹാളിൽ ആരംഭിച്ചു.സ്കൂൾ സ്ഥാപകയായ സുനിജ കെ സി ക്യൂറേറ്റ് ചെയ്ത പ്രദർശനത്തിൽ അധ്യാപകയുടെതും ഒമ്പത് പ്രതിഭാധനരായ വിദ്യാർത്ഥികളുടെയും സൃഷ്ടികളാണുള്ളത്. കേരളീയ സമ്പ്രദായമനുസരിച്ചുള്ള അളവുകളും മ്യൂറൽ ചിത്രകലയിലെ അഞ്ച് അടിസ്ഥാന നിറങ്ങളും ഉപയോഗിച്ചാണ് വർണ്ണവിസ്മയം ഒരുക്കിയിരിക്കുന്നത്. മുൻ ഡിജിപിയും പ്രശസ്ത എഴുത്തുകാരിയുമായ ബി സന്ധ്യ ഐപിഎസ് മുഖ്യാതിഥിയായ ഉദ്ഘാടന ചടങ്ങിൽ പ്രശസ്ത കലാചരിത്രകാരൻ പ്രൊഫ. ഡോ.എം.ജി. ശശിഭൂഷൻ 'കേരള മ്യൂറൽ ഒരു ഹ്രസ്വ ആമുഖം' എന്ന വിഷയത്തിൽ ഉൾക്കാഴ്ചകൾ പങ്കുവെച്ചു.സുനിജയുടെ ഏറ്റവും പുതിയ പുസ്തകമായ 'പഞ്ചവർണം വാല്യം 2' തഞ്ചാവൂരിലെ തമിഴ് സർവ്വകലാശാലയിലെ ഐസിഎച്ച്ആർ പ്രോജക്ട് ഫെലോ ഡോ. എസ്. രാജേന്ദു പ്രകാശനം ചെയ്തു. സംരംഭകയും നർത്തകിയും സാമൂഹിക പ്രവർത്തകയുമായ ശ്രീമതി രൂപ ജോർജ് ആദ്യപ്രതി ഏറ്റുവാങ്ങി.അൽഷ ബാഹുലയൻ, അമ്പിളി എബ്രിഡ്ഷൈൻ, അനുരാധ ഗണേഷ്, മഞ്ജുഷ കെ ആർ, പൃദ്യുത അജയൻ, ശാലീന നായർ, സിയ എൽസ് ബെന്നി, തനിഷ്ക മേനോൻ, വന്ദന കെ എം എന്നീ ഒൻപത് കലാകാരന്മാർ സുനിജയുടെ നേതൃത്വത്തിൽ കടവന്ത്രയിലുള്ളവർണം സ്കൂളിൽ ഒരു വർഷം നീണ്ട തീവ്രപരിശീലനം നേടിയവരാണ്. 2005 ലാണ് വർണം മ്യൂറൽ ആർട്ട്സ് സ്ഥാപിച്ചത്. സാധനയുടെ പൂർണ്ണതയാണ് കലാസൃഷ്ടികൾ. ഒരു മ്യൂറൽ കലാകാരിയെന്ന നിലയിൽ രണ്ട് പതിറ്റാണ്ടോടുക്കുന്ന തന്റെ കലാജീവിതത്തിൽ ഏറ്റവും സംതൃപ്തമായ മുഹൂർത്തമാണിത് , സുനിജ കെ.സി പറഞ്ഞു.സംരംഭകയായ ശാലീന നായർ പരമ്പരാഗത മ്യൂറൽ പെയിന്റിങ്ങിലേക്ക് കടക്കുന്നത്തികച്ചും യാദൃശ്ചികമായാണ്. കാലാതീതമായ കലാസൃഷ്ടികളെന്നതാണ് തന്നെ ആകർഷിച്ചതെന്ന് ശാലീന പറഞ്ഞു. തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവം തന്റെ കലാസൃഷ്ടിയിൽ അവതരിപ്പിക്കാൻ സാധിച്ചുവെന്ന് ചിത്രകാരിയായ അനുരാധ ഗണേഷ് പറഞ്ഞു.രാവിലെ 11 മുതൽ വൈകിട്ട് 7 വരെയാണ് പ്രദർശനം. ജനുവരി 7ന് സമാപിക്കും.

